## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5673 — 03.11.2016-ൽ മറുപടിക്ക്

# ആദിവാസികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളിലെ തട്ടിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വയനാട്ടിലെ ആദിവാസികൾക്ക് വേണ്ടി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിലെ തട്ടിപ്പ് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | വയനാട്ടിൽ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളിൽ തട്ടിപ്പ് നടന്നതായി സൂചിപ്പിച്ചുകൊണ്ട് വന്ന വിവിധ മാധ്യമ റിപ്പോർട്ടുകളിന്മേലും, കെ.പി.സി.സി. പ്രസിഡന്റ് ഉൾപ്പെടെയുള്ളവരുടെ പരാതികളിന്മേലും അന്വേഷണം നടന്നു വരുന്നു. |
| ബി) | ശിശുമരണ നിരക്ക് കുറയ്ക്കുവാൻ കൊണ്ടുവന്ന പദ്ധതി പരാജയപ്പെട്ടതായി വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ; ഇതിന് ആരാണ് കുറ്റക്കാർ; വ്യക്തമാക്കുമോ; | ബി) | ശിശുമരണ നിരക്ക് കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി ആവിഷ്ക്കരിക്കപ്പെട്ട ജനനി ജന്മരക്ഷാ പദ്ധതി പരാജയപ്പെട്ടതായി വകുപ്പ് റിപ്പോർട്ട് നൽകിയിട്ടില്ല. എന്നാൽ, 2013-14, 2014-15 എന്നീ വർഷങ്ങളിൽ പദ്ധതിക്കായി ഫണ്ട് ചെലവഴിച്ചതിൽ ഫിനാൻസ് വകുപ്പ് ക്രമക്കേട് കണ്ടെത്തുകയും ഉത്തരവാദിയായ അന്നത്തെ അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) ശ്രീ. ബി.എസ്. പ്രേമാനന്ദിനെ സസ്പെന്റ് ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | പദ്ധതി പ്രകാരമുള്ള തുക എത്ര പേർക്ക് ലഭിക്കാതെയുണ്ട്; ലഭിച്ചവർക്ക് എത്ര തുക കിട്ടി; ആകെ എത്ര കോടി രൂപയുടെ വെട്ടിപ്പ് നടന്നു; വിശദമാക്കുമോ; | സി) | വിവരം ശേഖരിച്ചു വരുന്നു. |
| ഡി) | അർഹരായവർക്ക് സർക്കാർ അനുവദിച്ച തുക അടിയന്തിരമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | ഡി) | ടി പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചവർക്ക് ഇപ്പോൾ യഥാസമയം തുക അനുവദിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ